www.muthalakodamstgeorgechurch.com



# മുതലക്കോടത്ത് മുത്തപ്പൻ

## ഇടവക ബുള്ളറ്റിൻ

വാല്യം 38 ലക്കം 02 ഫെബ്രുവരി 2023




Wedding Greetings
02-01-2023
Harry Shelly
S/o Shelly & Beena
Chemparathy House
Muthalakodam
Thodupuzha
Lianne Marian Johnson
D/o Adv. Johnson & Adv. Liza
Kunnappillil House
Karimannoor
New Zealand

# പാരിഷ് ബുള്ളറ്റിൻ

ഫെബ്രുവരി 2023 വാല്യം : 38 ലക്കം : 2


# മുതലക്കോടത്ത് മുത്തപ്പൻ




## എഡിറ്റോറിയൽ ബോർഡ്

**Managing Editor**

റവ. ഡോ. ജോർജ് താനത്തുപറമ്പിൽ
Mob: 9447128949

**Chief Editors**

ഫാ. പീറ്റർ പാറേക്കാൻ
Mob: 8113811618

ഫാ. ജസ്റ്റിൻ ചേറ്റൂർ
Mob : 9656318030

ശ്രീ. ജോയി വന്യംപറമ്പിൽ
Mob:9388443389

**Executive Editors**

ശ്രീമതി ഗ്രേസി തോമസ് പാറയിൽ
Mob:9446864137

ശ്രീമതി പൗളി ഷാജി പീടികപ്പറമ്പിൽ

**Associate Editors**

സിസ്റ്റർ. ടെൽമ എസ്.എച്ച്
Mob:9497484258

ശ്രീ. ജസ്റ്റിൻ പി ജോസ് പനച്ചിക്കാട്ട്

ശ്രീ. കുര്യാക്കോസ് കെ. കെ. കല്ലികക്കുടിയിൽ

ശ്രീ. റ്റി. യു. ഫ്രാൻസീസ് തുറയ്ക്കൽ

ശ്രീ. സാന്റോ പോൾ ചെമ്പരത്തി

**Editorial Advisors**

ശ്രീ. ജോസഫ് തോട്ടത്തിമ്യാലിൽ
Mob:9446062438

ശ്രീ. പോൾ സി. വർഗീസ് ചീരാംകുന്നേൽ

ശ്രീ. ജെറിൻ വിൻസെന്റ്

**Layout & Design**

ദീപ സുനീഷ് കൊച്ചുപറമ്പിൽ



**Patron**

Mar George Madathikandathil

**Published on**

First Sunday of every month

**Printed at**

Santhigiri Printers, Vazhithala

**Published by**

ST.GEORGE FORANE CHURCH
Muthalakodam
Phone: 04862 222786, 8281717867
E-mail:muthalakodam123@gmail.com


## ഉൾത്താളുകളിൽ


| | |
|---|---|
| വികാരിയച്ചന്റെ സന്ദേശം | 02 |
| മുഖമൊഴി | 05 |
| ഇടവക വാർത്തകൾ | 08 |
| സംഘടനാ വാർത്തകൾ | 09 |
| വരുംദിനങ്ങൾ | 11 |
| കുടുംബ വാർത്തകൾ | 12 |
| ബൈബിൾ ക്വിസ് | 14 |
| വാർഡ് പ്രാർത്ഥനകൾ | 15 |
| തിരുവചനവായനകൾ | 16 |



# വികാരിയച്ചന്റെ സന്ദേശം

## നോമ്പുകാലം നീ എവിടെയാണ്?

ദൈവം ആദത്തോടു ചോദിച്ചു: നീ എവിടെയാണ്? (ഉല്പ:3:9). ആദത്തിന്റെ ഉത്തരം : തോട്ടത്തിൽ അവിടുത്തെ ശബ്ദം ഞാൻ കേട്ടു. ഞാൻ നഗ്നനായതുകൊണ്ട് ഭയന്ന് ഒളിച്ചതാണ്. തിന്നരുതെന്നു പറഞ്ഞ വൃക്ഷത്തിന്റെ ഫലം അവൻ തിന്നു. അപ്പോൾ അവനിൽ സംഭവിച്ചത് താൻ നഗ്നനാണെന്ന തിരിച്ചറിവാണ്. ഞാൻ ബലഹീനനാണ്. ഞാൻ പാപത്തിന് അടിമപ്പെട്ടു. അടിമയായാൽ വസ്ത്രം ഊരി അടിക്കും. ഞാൻ നഗ്നനാണ്. അടിമയ്ക്കു സ്വാതന്ത്ര്യമില്ല. അവന് പാപം ചെയ്യാതിരിക്കാൻ പറ്റുന്നില്ല. "ഇച്ഛിക്കുന്ന നന്മയല്ല ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്. ഇച്ഛിക്കാത്തതു ചെയ്യുന്നെങ്കിൽ ചെയ്യുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന പാപമാണ്. എന്റെ അന്തരംഗത്തിൽ ദൈവത്തിന്റെ നിയമമോർത്ത് ഞാൻ ആഹ്ലാദിക്കുന്നു. എന്റെ അവയവങ്ങളിലാകട്ടെ എന്റെ മനസിന്റെ നിയമത്തോടു പോരാടുന്ന വേറൊരു നിയമം ഞാൻ കാണുന്നു. അത് എന്റെ അവയവങ്ങളിലുള്ള പാപത്തിന്റെ നിയമത്തിന് എന്നെ അടിമപ്പെടുത്തുന്നു." (റോമ 7:19 - 23) നിന്റെ സ്വാതന്ത്ര്യം പാപം ചെയ്യുന്നതുവരെ മാത്രം. കഴുകൻ മനുഷ്യനെ തിന്നുമ്പോൾ ആദ്യം കണ്ണിലാണ് കൊത്തുന്നത്. അവൻ അന്ധനായി. ചൂണ്ടയിൽ കൊത്തുന്ന മീൻ പോലെ നിസ്സഹായനാകും.

ആദം തന്റെ കുറവുകളിലേയ്ക്കും തകർച്ചയിലേക്കും നോക്കി തന്റെ നിസ്സഹായത തിരിച്ചറിഞ്ഞു. തന്നിലേക്കു മാത്രം നോക്കി. ദൈവത്തിലേയ്ക്കു നോക്കിയില്ല. കുറവുകളെക്കുറിച്ചോർത്ത് ലജ്ജിച്ചു. അവൻ ഭയന്ന് ഒളിവിലായി. പാപത്തിന്റെ മൂന്നു തലങ്ങളാണ് ആദത്തിന്റെ മറുപടിയിലുള്ളത്.അവൻ നഗ്നനായതുകൊണ്ട് ഭയന്ന് ഒളിച്ചു. ബലഹീനതക്ക് അടിമപ്പെട്ട് നഗ്നനും അടിമയുമാണെന്ന് തിരിച്ചറിഞ്ഞു. അവൻ ഭയപ്പെട്ടു. ദൈവത്തിലേക്കു നോക്കാതെ തന്നിലേക്കു നോക്കുമ്പോൾ പ്രത്യാശിക്കാനൊന്നുമില്ല. എല്ലാറ്റിനേയും ഭയമാണ്. മരണത്തെ ഭയമാണ്. എല്ലാം ഓർക്കുമ്പോൾ ഭയം. സ്നേഹം നഷ്ടപ്പെട്ടു എന്ന ഭയം. ശിക്ഷയെ ഭയപ്പെടുന്നു. അതു

കൊണ്ട് തന്നിലേക്കു തന്നെ ഉൾവലിഞ്ഞ് ഭയത്തിലാകുന്നു. സാമ്പത്തിക സുസ്ഥിതിയുടെ ഒളിവു സങ്കേതങ്ങൾ തേടുന്നു. മരത്തിന്റെ മറവിൽ അഭയം തേടുന്നു.

ദൈവത്തിന്റെ കാലൊച്ച കേട്ടപ്പോൾ അവൻ ഭയന്ന് ഒളിവിലായി. ദൈവികമായതിൽ നിന്നെല്ലാം അവൻ അകന്നു. സഭാകൂട്ടായ്മയിൽ നിന്നകലുന്നു. പ്രാർത്ഥനയിൽ നിന്ന്, കുർബാനയിൽ നിന്ന് അകലുന്നു. സക്കേവൂസിനെപ്പോലെ ഒളിക്കുന്നു. പാപം ഒറ്റപ്പെടുത്തും

ഈ നഗ്നതയിൽ നിന്ന് (കുറവുകളിൽ നിന്ന്) ലജ്ജയിൽ നിന്ന്, ഭയത്തിൽ നിന്ന്, ഒളിവിൽ നിന്ന് പുറത്തു കടക്കണം. ദൈവം ഈ നോമ്പുകാലത്ത് നമ്മോടു ചോദിക്കുന്നു: ദൈവവുമായുള്ള ബന്ധത്തിൽ നീ എവിടെയാണ് ? വി. ഗ്രന്ഥത്തിൽ ദൈവത്തിന്റെ ആദ്യത്തെ ചോദ്യമാണിത്. നീ നഗ്നതയിലാണോ? എങ്കിൽ, ആത്മവിശ്വാസത്തിന്റെ അങ്കി അണിയണം. ദൈവത്തിലേയ്ക്ക് നോക്കാതെ, തന്നിലേയ്ക്കു നോക്കി സ്വാർത്ഥതയുടെ കൂടാരം പണിയുകയാണോ? എങ്കിൽ, ഭയചകിതനും ലജ്ജിതനുമായി ഒളിക്കുന്നു. അതിൽ നിന്നും പുറത്തു വരണം. വെളിച്ചത്തിലേക്കു വരണം.

തൽക്കാലത്തേക്ക് ഇലകൊണ്ട് നാണം മറയ്ക്കാം. ആദവും ഹവ്വായും അത്തിയിലകൾ കൂട്ടിത്തുന്നി അരക്കച്ചയുണ്ടാക്കി (ഉല്പ.3:7). "ദൈവം ചോദിച്ചു നീ നഗ്നനാണെന്ന് ആരു പറഞ്ഞു? തിന്നരുതെന്നു ഞാൻ കല്പിച്ച വൃക്ഷത്തിന്റെ പഴം നീ തിന്നോ?" അങ്ങ് എനിക്കു കൂട്ടിനു തന്ന സ്ത്രീ അതു എനിക്കുതന്നു. ഞാൻ തിന്നു. ആദം മറുപടി പറഞ്ഞു. ഇത് എല്ലാവർക്കുമുള്ള defence mechanism ആണ്. ഇലകൊണ്ട് നാണം മറച്ച് ആദം മാന്യനാകുന്നു. കായേൽ ആബേലിനെ കൊന്നു. കർത്താവ് ചോദിച്ചു: നിന്റെ സഹോദരൻ എവിടെ ? ഞാനാണോ സഹോദരന്റെ കാവൽക്കാരൻ? കായേൽ മാന്യനാകുന്നു. ഇലകൊണ്ട് നഗ്നതയും ലജ്ജയും ഭയവും മറയ്ക്കുന്നു. ദാവീദ് രാജാവ് വ്യഭിചാരവും കൊലപാതകവും ചെയ്തു. എന്നിട്ട് അദ്ദേഹം പറഞ്ഞു. ഞാൻ അവളെ രാജ്ഞിയാക്കും. ദാവീദ് അഭിനയിച്ച് മാന്യനാകുന്നു. ഇലകൊണ്ട് മറയ്ക്കുകയാണ്. നാഥാൻ പ്രവാചകന്റെ വാക്കുകേട്ട് പാപം ഏറ്റുപറഞ്ഞ് അദ്ദേഹം കരഞ്ഞു. കായേൻ കരഞ്ഞു. നെറ്റിയിൽ മുദ്രപതിച്ച് ദൈവം ആദ്യത്തെ കൊലപാതകിയെ സ്വന്ത

മാക്കി. കരുണയ്ക്കു വേണ്ടി കരഞ്ഞപ്പോൾ ദൈവം ക്ഷമിച്ചു. ഹവ്വായോട് ദൈവം ചോദിച്ചു: നീ എന്താണ് ചെയ്തത്? അവൾ പറഞ്ഞു: ഞാൻ വഞ്ചിക്കപ്പെട്ടു. തെറ്റു മനസ്സിലാക്കുകയാണ്. ദൈവം നമ്മോടു ചോദിക്കുന്നു: നീ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? സഹോദരങ്ങളോട്, നിന്റെ ബന്ധങ്ങൾ തെറ്റായതാണോ? മദ്യാസക്തിയിലാണോ, ധനാസക്തിയിലാണോ...?

ദൈവമായ കർത്താവ് തോലുകൊണ്ട് ഉടയാടയുണ്ടാക്കി ആദത്തേയും ഹവ്വായേയും ധരിപ്പിച്ചു. കുഞ്ഞാട് കൊല്ലപ്പെട്ടാലേ മഹത്വവും തേജസും നിറഞ്ഞ ഈ വസ്ത്രം ധരിച്ച് നഗ്നതയിൽ നിന്നും ലജ്ജയിൽ നിന്നും ഭയത്തിൽ നിന്നും പുറത്തുകടക്കാൻ നമുക്ക് കഴിയൂ. ദൈവസന്നിധിയിൽ പാപിയെ നീതികരിക്കാൻ അവൻ ചെയ്യേണ്ട പാപപരിഹാരം തന്റെ മരണത്തിലൂടെ യേശു ഏറ്റെടുത്തു. അങ്ങനെ പാപിക്ക് ദൈവസന്നിധിയിൽ പ്രവേശിക്കാൻ അർഹതയുണ്ടായി. പാപം ചെയ്യാതിരിക്കാനുള്ള ശക്തി യേശുവിലൂടെ നല്കപ്പെട്ടു. അതാണ് കൃപ. വിശ്വാസം വഴി കൃപയാലാണ് നമ്മൾ നീതികരണം പ്രാപിക്കുന്നത്. വിശ്വാസം, വിനയം, പ്രാർത്ഥന എന്നീ മാർഗ്ഗങ്ങളിലൂടെ കൃപ നമ്മിൽ സമൃദ്ധമായിത്തീരാൻ ഈ നോമ്പുകാലത്ത് നമുക്ക് പരിശ്രമിക്കാം.

റവ.ഡോ. ജോർജ്ജ് താനത്തുപറമ്പിൽ
(വികാരിയച്ചൻ)



# മുഖമൊഴി



ചൈനീസ് ഇതിഹാസങ്ങളിൽ മണിനാദത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ഒരു കഥ പറയുന്നുണ്ട്. രാജാവ് മനോഹരമായ ഒരു മണി നിർമ്മിക്കാൻ ആ നാട്ടിലെ മൂശാരിയോട് കല്പിച്ചു. തനിക്കറിയാവുന്ന ലോഹക്കൂട്ടുകൾ ഉപയോഗിച്ച് മൂശാരി മണി നിർമ്മിച്ചു. പക്ഷേ, മണിനാദം രാജാവിന് ഇഷ്ടപ്പെട്ടില്ല. വീണ്ടും 2 പ്രാവശ്യം കൂടി മണി നിർമ്മിക്കുവാൻ മൂശാരിയ്ക്ക് അനുവാദം നൽകി. പക്ഷേ, മനോഹരമായ മണിനാദം പുറപ്പെടുവിക്കാൻ മണിക്ക് സാധിച്ചില്ല. മൂശാരി വളരെ വിഷമിച്ച് ഒരു സന്യാസിയോട് കാര്യങ്ങൾ പറഞ്ഞു. സന്യാസി മറുപടി പറഞ്ഞു. അഴകും ആത്മധൈര്യവും കൂട്ടിച്ചേർക്കുക. തന്റെ ഏക മകളെ ബലികഴിക്കുവാനുള്ള ആഹ്വാനമായിരുന്നു അത്. മൂശാരിയ്ക്ക് ആകെ വിഷമമായി. മൂശാരി വീണ്ടും ലോഹക്കൂട്ടുകൾ തീയിൽ വച്ച് ഉരുക്കുമ്പോൾ, അച്ഛന്റെ വിഷമം മനസ്സിലാക്കിയ മകൾ ലോഹക്കൂട്ടിലേയ്ക്ക് എടുത്തുചാടി, തന്റെ അഴകും ആത്മധൈര്യവും ബലിയർപ്പിച്ചു.

പ്രിയമുള്ളവരെ, അമ്പതു നോമ്പിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന നാം ചിന്തിക്കേണ്ട വിഷയവും ഇതുതന്നെയാണ്. നമുക്ക് സ്വന്തമായിട്ടുള്ളവ ദൈവത്തിന് സമർപ്പിക്കുക. അപ്പോഴാണ് യഥാർത്ഥ ക്രിസ്ത്യാനികളായി നാം മാറുന്നത്. നമ്മുടെ ബുദ്ധി, സമയം, കഴിവ്, ആരോഗ്യം, നമ്മുടെ ഒരു പുഞ്ചിരി പോലും അപരന് സന്തോഷത്തിന് ഇടനൽകുന്നുണ്ടെങ്കിൽ, നമ്മുടെ ജീവിതം ധന്യമാകും. ഈ നോമ്പുകാലത്ത് നമ്മൾ വിചിന്തനം ചെയ്യേണ്ടതും ഇതു തന്നെയാണ്. മറ്റുള്ളവർക്കുവേണ്ടി അഴുകി ഇല്ലാതാകുവാൻ എനിക്ക് സാധിക്കുന്നുണ്ടോ? അതെ, ഈ നോമ്പുകാലത്ത് സ്നേഹത്തിന്റെ, സന്തോഷത്തിന്റെ സൗഹൃദത്തിന്റെ തിരിവെട്ടം തെളിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

ഒത്തിരി സ്നേഹത്തോടെ

ഫാ. പീറ്റർ പാറേമ്മാൻ

ഫാ. ജസ്റ്റിൻ ചേറ്റൂർ

# വാഴ്ത്തപ്പെട്ട റാണി മരിയ :

# ധീര പ്രേഷിതത്വത്തിന്റെ ഉദാത്ത മാതൃക



വിശുദ്ധരാവുക എന്നത് അസാധ്യമെന്ന് കരുതുന്നവരാണ് നമ്മിൽ പലരും. വിശുദ്ധപദവിയിലേയ്ക്ക് ഉയർത്തപ്പെടുന്നത് യൂറോപ്പിലും ആഫ്രിക്കയിലും പ്രേഷിത പ്രവർത്തനം നടത്തുന്നവർ മാത്രമാണ് എന്ന് നാം പലരും തെറ്റിദ്ധരിക്കാറുണ്ട്. എന്നാൽ നമുക്കും വിശുദ്ധരാകാനും വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തപ്പെടാനും സാധിക്കുമെന്ന് നമ്മെ ഓർമ്മപ്പെടുത്തുകയാണ് വാഴ്ത്തപ്പെട്ട റാണി മരിയ

കേരളത്തിൽ എറണാകുളം ജില്ലയിലെ പുല്ലുവഴിയിൽ പൈലി വട്ടാലിൽ, ഏലീശ്വാ ദമ്പതികളുടെ ഏഴുമക്കളിൽ രണ്ടാമത്തെ മകളായി മേരിക്കുഞ്ഞ് 1954 ജനുവരി 29 ന് ജനിച്ചു. മാതാപിതാക്കൾ മക്കളെ ഉത്തമ കത്തോലിക്കാ ദൈവഭക്തിയിലും വിശ്വാസത്തിലും വളർത്തി. അനുദിനം ദിവ്യബലിയിലും മേരിക്കുഞ്ഞ് കുടുംബപ്രാർത്ഥനകളിലും പങ്കെടുക്കുമാ യിരുന്നു. ഇടവകയിലെ മരിയൻ സൊഡാലിറ്റിയിൽ അവൾ സജീവ പ്രവർത്തകയായിരുന്നു. മേരിക്കുഞ്ഞ് തന്റെ പതിനെട്ടാമത്തെ വയസ്സിൽ ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റു സഭയിൽ ചേർന്നു. 1974 മെയ് 1 ന് റാണി മരിയ എന്ന നാമം സ്വീകരിച്ച് പ്രഥമ വ്രത വാഗ്ദാനം നടത്തി. ഉത്തരേന്ത്യയിൽ നിന്നും അവധിക്കു വന്ന മിഷണറിമാർ തങ്ങളുടെ സാഹസികത നിറഞ്ഞ പ്രേഷിത ദൗത്യങ്ങളെക്കുറിച്ച് വിവരിച്ചത് സിസ്റ്റർ റാണി മരിയയുടെ മനസ്സിൽ ആവേശം നിറച്ചു. ക്രിസ്തുവിനുവേണ്ടി സാക്ഷ്യം വഹിക്കുവാൻ അവൾ തീരുമാനമെടുത്തു.

പ്രയാസങ്ങളും ബുദ്ധിമുട്ടുകളും എതിർപ്പുകളും നിറഞ്ഞുനിൽക്കുന്ന ഉത്തർപ്രദേശിലെ ബിജ്നോർ രൂപതയിലെ പ്രേഷിത പ്രവർത്തനങ്ങൾ അവൾ ഏറ്റെടുത്തു. കുറച്ചു വർഷങ്ങൾക്കുള്ളിൽ തന്നെ അവൾ വിവിധ മേഖലകളിൽ പ്രവർത്തിച്ചു. എല്ലായിടത്തും തന്റെ തനതായ ശൈലിയിലൂടെ അവൾ കർത്താവിനു സാക്ഷ്യം വഹിച്ചു. സിസ്റ്റർ റാണിമരിയ എട്ടു വർഷത്തോളം ബിജ്നോർ രൂപതയിൽ സേവനമനുഷ്ഠിച്ചു. ദരിദ്രരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഉന്നമനത്തിനായി അവൾ അഹോരാത്രം അധ്വാനിച്ചു.

സിസ്റ്റർ റാണിമരിയ തുടർന്ന് ഒമ്പതു വർഷത്തോളം മധ്യപ്രദേശിലെ സത്ന രൂപതയിൽ പ്രവർത്തിച്ചു. തദ്ദേശീയ ജനവിഭാഗമായ ആദിവാസിളുടെ ശാക്തീകരണത്തിലും യുവതലമുറയുടെ വിദ്യാഭ്യാസത്തിലും അവൾ ശ്രദ്ധ കേന്ദ്രീകരിച്ചു. ദരിദ്രരരെ ഭൂവുടമകളുടെ ക്രൂരമായ ചൂഷണങ്ങളിൽ നിന്നും മോചിപ്പിക്കുന്നതിന് സിസ്റ്റർ റാണി മരിയ സ്വാശ്രയ സംരംഭങ്ങൾക്ക് രൂപം

കൊടുത്തു. അവളുടെ സാക്ഷ്യത്തിലൂടെ നിരവധിയാളുകൾ ക്രിസ്തീയവിശ്വാസം സ്വീകരിച്ചു. റാണി മരിയയെ ആളുകൾ സ്നേഹപൂർവ്വം ഇൻഡോർ റാണി എന്ന് അഭിസംബോധന ചെയ്യുമായിരുന്നു. അന്യായമായി ജയിലിൽ അടയ്ക്കപ്പെട്ടവരുടെ വിമോചനത്തിനും പുനരധിവാസത്തിനുമായി റാണി മരിയ പദ്ധതികൾ നടപ്പിലാക്കി. റാണി മരിയയുടെ ക്രൈസ്തവ വിശ്വാസത്തിലും ഉപവിയിലും അധിഷ്ഠിതമായ പ്രവർത്തനങ്ങൾ ഭൂവുടമകളിൽ എതിർപ്പും വിദ്വേഷവും ഉളവാക്കി. എന്നാൽ അവരുടെ ഭീക്ഷണികളെ അവൾ ഗൗനിച്ചില്ല. ക്രിസ്തു തന്നെ ഭരമേൽപിച്ച ദരിദ്രരെ പുനരുദ്ധരിക്കാനുള്ള ദൗത്യം അവൾ തുടർന്നു.

സ്ഥാപിത താത്പര്യക്കാരായ ഭൂവുടമകളും എതിരാളികളും ചേർന്ന് അവളെ വധിക്കുന്നതിന് തീരുമാനിച്ചു.1995 ഫെബ്രുവരി 25 ന് ഇൻഡോറിലേയ്ക്ക് ഒരു ബസ്സിൽ യാത്ര ചെയ്യവേ, സഹയാത്രികരുടെ മുമ്പിൽ വച്ച് അവളുടെ ശത്രുക്കളായ ഭൂവുടമകളാൽ പ്രേരിതനായി സമുന്ദർ സിംഗ് സിസ്റ്റർ റാണി മരിയയെ മൃഗീയമായി കുത്തി കൊലപ്പെടുത്തി. തന്റെ ദൈവവിളിയുടെ തീഷ്ണതയാൽ നന്മ നിറഞ്ഞ ഒരു ഹൃദയം കാത്തു സൂക്ഷിച്ചു കൊണ്ട് അവൾ ദിവ്യനാഥന്റെ സന്നിധിയിലേയ്ക്കു യാത്രയായി.

എന്നാൽ കാര്യങ്ങൾ അവിടെ അവസാനിച്ചില്ല. ക്രൈസ്തവ ഉപവിയിൽ ജീവിച്ച് യാഗമായി തീർന്ന ഈ സന്യാസ സഹോദരിയുടെ കബറിടത്തിലുള്ള പ്രാർത്ഥനയും മാധ്യസ്ഥ്യവും അനേകർക്ക് അത്ഭുതങ്ങളുടെ അനുഭവമായി.. യഥാർത്ഥ അത്ഭുതം നടന്നത്, സ്വാമി സദാനന്ദയുടെ ആത്മീയോപദേശങ്ങളുടെ ഫലമായി റാണി മരിയയുടെ ഘാതകനായ സമുന്ദർ മാനസാന്തരപ്പെട്ടപ്പോഴാണ്. കുടുംബാംഗങ്ങളും റാണി മരിയയുടെ മാതാപിതാക്കളും സമുന്ദർ സിംഗിനോട് ക്ഷമിക്കുകയും അയാളെ അവരുടെ കുടുംബത്തിലെ ഒരംഗത്തെപ്പോലെ സ്വീകരിക്കുകയും ചെയ്തു. കാരുണ്യ വർഷത്തിന്റെ സമാപനത്തിൽ ഫ്രാൻസീസ് മാർപാപ്പ സിസ്റ്റർ റാണി മരിയയുടെ രക്തസാക്ഷിത്വം അംഗീകരിക്കുകയും അവളെ വാഴ്ത്തപ്പെട്ടവളാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. 2017 നവംബർ 4 ന് ഇൻഡോറിൽ വച്ച് വിശുദ്ധരുടെ നാമകരണത്തിനു വേണ്ടിയുള്ള തിരുസംഘത്തിന്റെ അധ്യക്ഷൻ കർദ്ദിനാൾ ആഞ്ചലോ അമാത്തോ സിസ്റ്റർ റാണി മരിയയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. ഫെബ്രുവരി 25 ന് സിസ്റ്റർ റാണി മരിയയുടെ തിരുനാൾ ആഘോഷിക്കുന്നു.

# ഇടവക വാർത്തകൾ



## സ്വാഗതം

മുതലക്കോടം ഇടവക കുടുംബത്തിന് ആത്മീയ ശുശ്രൂഷ നൽകുവാനെത്തുന്ന പുതിയ കൊച്ചച്ചൻ ഫാ. ആന്റണി മരുത്യാമലയിൽ അച്ചന് ഇടവക കുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം.

## മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം

നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായ മാർ മാത്യു പോത്തനാമുഴി പിതാവിന്റെ 41-ാം ചരമ വാർഷികം 2023 ഫെബ്രുവരി 6-ാം തീയതി തിങ്കളാഴ്ചയാണ്. അഭിവന്ദ്യ പിതാവിന്റെ ആത്മശാന്തിക്കായി അന്നേ ദിവസം നമുക്ക് പ്രാർത്ഥിക്കാം.

## സകലമരിച്ചവരുടേയും ഓർമ്മ

ദനഹാക്കാലത്തെ അവസാനത്തെ വെള്ളിയാഴ്ചയാണ് ലോകത്തിൽ ക്രിസ്തുവിന് സാക്ഷ്യം നൽകിയ സകല മരിച്ചവരേയും നമ്മൾ ഓർമ്മിക്കുന്നത്. 2023 ഫെബ്രുവരി 17-ാം തീയതി വെള്ളിയാഴ്ചയാണ് ഈ വർഷത്തെ സകല മരിച്ചവരുടേയും തിരുനാൾ. അന്ന് 7 മണിയുടെ വി. കുർബാന നമ്മുടെ പൂർവ്വികരെ അനുസ്മരിച്ചുകൊണ്ട് നടത്തപ്പെടുന്നു. വിശുദ്ധ ബലിയിൽ പങ്കുചേർന്ന് അവർക്കു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. വിശുദ്ധ കുർബാനയ്ക്ക് ശേഷം സെമിത്തേരി സന്ദർശനവും വെഞ്ചിരിപ്പും ഉണ്ടായിരിക്കും. പൂർവ്വികരുടെ കബറിടങ്ങൾ വൃത്തിയായി അലങ്കരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. പ്ലാസ്റ്റിക് അലങ്കാര വസ്തുക്കൾ ഉപയോഗിക്കാൻ പാടില്ല.

## വിഭൂതി

അമ്പത് നോമ്പിന്റെ ആരംഭമായ വിഭൂതി ഫെബ്രുവരി 20 - ാം തീയതി തിങ്കളാഴ്ചയാണ്. പ്രായശ്ചിത്തത്തിന്റെയും പരിത്യാഗത്തിന്റെയും ഓർമ്മകളുണർത്തി ജീവിതത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ ഈ തിരുനാൾ നമുക്ക് ഇടയാകട്ടെ. 20 - ാം തീയതി 6 മണിയുടെ വിശുദ്ധ കുർബാനയ്ക്ക് ശേഷം വിഭൂതിയുടെ തിരുക്കർമ്മങ്ങൾ ആരംഭിക്കും. തുടർന്ന് വിശുദ്ധ കുർബാന. ഇടവകാംഗങ്ങൾ എല്ലാവരും തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുമല്ലോ. അന്ന് ഉപവാസ ദിനമാണ്.

## യാത്രാമംഗളങ്ങൾ

കഴിഞ്ഞ 8 മാസക്കാലമായി നമ്മുടെ ഇടവകയിൽ നിസ്സീമമായി ശുശ്രൂഷ നടത്തി നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും നമ്മെ നയിക്കുകയും ചെയ്ത ബഹു. പീറ്റർ പാറേമ്മാനച്ചൻ ഉപരി പഠനത്തിനായി പോകുകയാണ്. കദളിക്കാട് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും അദ്ദേഹം തന്റെ ശുശ്രൂഷ നിർവ്വഹിക്കും. അച്ചൻ ഇടവകയ്ക്ക് ചെയ്ത് വലിയ ശുശ്രൂഷയ്ക്കും നേതൃത്വത്തിനും ഒരുപാട് നന്ദി. അച്ചന്റെ പഠന മേഖലയിലും ശുശ്രൂഷാ മേഖലയിലും വലിയ വിജയം നേടുവാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. വിശുദ്ധ ഗീവർഗീസ് സഹദായുടെ മാദ്ധ്യസ്ഥ്യം എന്നും ഉണ്ടാകട്ടെ. സ്നേഹത്തോടെ യാത്രാമംഗളങ്ങൾ.


Wedding Greetings
14/01/2023
Augustine Shaji
S/o Shaji & Pauly
Peedikaparambil House
Muthalakodam
Liya Antony
D/o Antony & Laji
Kureeckavepattu House
Pazhanganad


First Holy Communion
30/11/2022
Joel Jose & Abel Jose
Puthusseril
Muthalakodam



STUDY · WORK · MIGRATE

**DREAMS THODUPUZHA**

20 years of excellence

Courses offered

**IELTS | PTE | OET | UKVI**

- Senior teachers with more than 20 years of experience.
- Individual attention ensured.
- 30000 + successful candidates.
- 1000 + 8 Band Score.

Offline & Online

USA | CANADA | UK | AUSTRALIA | NEWZEALAND | IRELAND
GERMANY | SWEDEN | SWITZERLAND | SINGAPORE | MALTA
LATVIA | HUNGARY | NETHERLANDS | FRANCE | FINLAND | DUBAI

TOP PARTNER
SOUTH INDIA
BRITISH COUNCIL

**DREAMS** IELTS Training Centre

Kallel Shopping Complex, Near Pvt. Bus Stand, Thodupuzha

04862 226 266 | 94472 52323 | 94475 28846 | 8921084147

www.dreamsthodupuzha.com


Wedding Greetings
08-01-2023
Bony Sunny
S/o Sunny & Celine
Maliyeckal House
Muthalakodam
Maria Sebastian
D/o Sebastian & Annamma
Karottupullolil
Vellikulam



# വേർപാടിന്റെ 24 വർഷങ്ങൾ



**ജോണി ജോർജ്**

മഠത്തിക്കണ്ടത്തിൽ

ജനനം : 05 - 06 - 1966 മരണം :22 - 02 - 1999

**" ഞാനാണ് പുനരുത്ഥാനവും ജീവനും;
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും " (യോഹ. 11.25)**



BUY 1
GET 1
FREE
www.spekxo.com
Free Eye Testing
Free Contact Lens Trial
Free service for your Glasses
Thekkedath Riva, KSRTC Junction
THODUPUZHA, 7511 16 36 36
spekxo@gmail.com
@spekxo_official
SPEKXO
All Branded Frames and Lens Available


St. Mary's Glass House
Karimannoor
Mob: 9447715658, 9447081145
All types of Glass, Variety of Plywoods
Multiwoods, MDF, Hylum Sheet, Mica,
PVC Foam boards, Handle, Lock
Modern Doors - Wood, Steel & Pine
Modular Kitchen Cupboard items
YAMA
Olive
Oriel
ഓർഡർ അനുസരിച്ച് സൈറ്റിൽ
എത്തിച്ചു കൊടുക്കുന്നതാണ്.



# സംഘടനാ വാർത്തകൾ

## മിഷൻലീഗ്

കഴിഞ്ഞ എട്ടുമാസക്കാലം ചെറുപുഷ്പ മിഷൻലീഗ് മുതലക്കോടം ശാഖയെ നയിച്ച പ്രിയപ്പെട്ട പീറ്റർ പാറേമ്മാനച്ചന് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു...

അച്ചന്റെ ഈ പൗരോഹിത്യം അനേകർക്ക് ആശ്വാസമാകട്ടെ..

ഈ ലാളിത്യത്തിൽ സ്വർഗ്ഗം സന്തോഷിക്കട്ടെ...

ഈ വാക്കുകളിൽ പരിശുദ്ധാത്മാവ് നിറയട്ടെ....

അച്ചനെ കാണുന്നവർ ക്രിസ്തുവിനെ ദർശിക്കട്ടെ.....

നാളിതുവരെ ഞങ്ങൾ കുഞ്ഞുമിഷണറിമാർക്ക് അച്ചൻ തന്ന എല്ലാ സേവനങ്ങൾക്കും സ്നേഹത്തിനും നന്ദി പറയുന്നു. കടന്ന് ചെല്ലുന്ന ഇടങ്ങളിൽ ദൈവാനുഗ്രഹപ്രദമായ ശുശ്രൂഷ ചെയ്യാൻ ആവട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

നോമ്പ് കാലത്ത് കുട്ടികൾ ഗിഫ്റ്റ് ബോക്സിൽ നിക്ഷേപിച്ച സമ്മാനങ്ങൾ മദർ ആൻഡ് ചൈൽഡിൽ നൽകി.

## സൺഡേസ്കൂൾ

കഴിഞ്ഞ ഒരു വർഷക്കാലം സൺഡേ സ്കൂളിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി കുട്ടികൾക്കും അധ്യാപകർക്കും ഏറെ പ്രചോദനം പകർന്നു തന്ന ബഹു. പീറ്റർ പാറേമ്മാൻ അച്ചന് സ്നേഹത്തോടെ നന്ദി പറയുന്നു. പുതിയ പ്രവർത്തന മേഖലകളിൽ ദൈവത്തിന്റെ സാന്നിദ്ധ്യവും സഹവാസവും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

തോമസ്കുട്ടി വടക്കേപറമ്പിൽ, ഗ്രേസി തോമസ് പാറയിൽ എന്നീ അദ്ധ്യാപകർ പള്ളിക്കാമുറി സൺഡേസ്കൂൾ വിലയിരുത്തൽ നടത്തി.

നെയ്യശ്ശേരിയിൽ നിന്നുള്ള അദ്ധ്യാപകർ നമ്മുടെ സൺഡേ സ്കൂൾ സന്ദർശിച്ചു.

## എ. കെ. സി. സി.

### പാലിയേറ്റീവ് കെയർ യൂണിറ്റിന് എ. കെ. സി. സിയുടെ കൈതാങ്ങ്

മുതലക്കോടം പള്ളിയുടെ മേൽനോട്ടത്തിൽ നടത്തുന്ന പാലിയേറ്റീവ് കെയർ യൂണിറ്റിന് കിടപ്പുരോഗികൾക്ക് ആവശ്യമായ കത്തീറ്ററുകളും (Catheter) അവരെ പരിചരിക്കുന്നവർക്ക് ആവശ്യമുള്ള സർജിക്കൽ ഗ്ലൗസുകളും വിതരണം നടത്തി. വികാരി റവ.ഡോ. ജോർജ് താനത്തുപറമ്പിൽ നേതൃത്വം വഹിച്ചു. എ.കെ.സി.സി. ഭാരവാഹികളായ ജോജോ ജോസഫ്, ജോൺ താന്നിയ്ക്കൽ, ജോസഫ് ചാക്കോ തോട്ടത്തിമ്യാലിൽ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

**ഗുണനിലവാരമുള്ള തെങ്ങിൻതൈകളും റംബുട്ടാൻ തൈകളും വിതരണം ചെയ്യുന്നു.**

അത്യുല്പാദനശേഷിയും ഉയർന്ന രോഗപ്രതിരോധ ശേഷിയുമുള്ള WCT (Green) തെങ്ങിൻതൈകളും No.18 (Red giant) റംബുട്ടാൻ തൈകളും മിതമായ നിരക്കിൽ നല്കുന്നു. ആവശ്യമുള്ളവർ എ.കെ.സി.സി. ഭാരവാഹികളെ സമീപിക്കേണ്ടതാണ്. സ്റ്റോക്ക് പരിമിതമായതുകൊണ്ട് ആദ്യം ഓർഡർ ലഭിക്കുന്ന മുറയ്ക്കായിരിക്കും വിതരണം നടത്തുക.

**പച്ചക്കറി കൃഷിയുടെ വിളവെടുപ്പ്**

കത്തോലിക്ക കോൺഗ്രസ് മുതലക്കോടം ശാഖയുടെ വിഷരഹിത പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് തുടർന്ന് വരുന്നു. ഇപ്പോൾ പയർ ആണ് ലഭ്യമായിട്ടുള്ളത്. ഇത് ആവശ്യമുള്ളവർ സെക്രട്ടറി ശ്രീ. ജോൺ താന്നിക്കലുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : 9495256872

## മാതൃദീപ്തി

**വാർഷികം**

08.01.2023 ന് മാതൃവേദി മുതലക്കോടം യൂണിറ്റിന്റെ 65 - ാം വാർഷികവും ജനുവരി മാസ സമ്മേളനവും വിവിധ പരിപാടികളോടെ ആഘോഷിച്ചു. ബഹു. വികാരിയച്ചൻ ഉത്ഘാടനവും മുഖ്യപ്രഭാഷണവും നടത്തി. ബഹു. പീറ്റർ പാറേമ്മാനച്ചനും ആനിമേറ്റർ സി. മരിയയും, ശ്രീമതി. മേഴ്സി ജോസ് ഇടശ്ശേരിയും ആശംസകൾ നേർന്നു. സെക്രട്ടറി ശ്രീമതി മേഴ്സി സാന്റോ സ്വാഗതവും ജോ. സെക്രട്ടറി ശ്രീമതി ഷൈനി സ്റ്റീഫൻ നന്ദിയും പറഞ്ഞു.

**ഫെബ്രുവരി മാസ സമ്മേളനം**

05.02.2023 (ആദ്യഞായർ) ഉച്ചയ്ക്ക് 2 മണിക്ക് കോൺഫറൻസ് ഹാളിൽ വെച്ച് നടത്തപ്പെടും. ക്ലാസ്, ചിട്ടി, അമ്മക്വിസ്, ലേലം എന്നിവ ഉണ്ടായിരിക്കും.

**നവ വൈദികന് ആശംസകൾ**

നവപുരോഹിതനായി അഭിഷിക്തനായ നമ്മുടെ ഇടവകാംഗം ബഹു. സാജൻ നാരങ്ങത്തൊട്ടിൽ CST അച്ചന്റെ തിരുപ്പട്ട സ്വീകരണത്തിൽ മാതാക്കൾ സംബന്ധിക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

**യാത്രാമംഗളങ്ങൾ**

8 മാസക്കാലം നമ്മുടെ ഇടവകയിൽ ശുശ്രൂഷ ചെയ്ത്, ഉപരിപഠനത്തിനും, കദളിക്കാട് ഇടവകയിൽ സേവനത്തിനുമായി പോകുന്ന ബഹു. പീറ്റർ പാറേമ്മാനച്ചന് മാതാക്കൾ പ്രാർത്ഥനകളും യാത്രാമംഗളങ്ങളും നേർന്നു.

## കെ. സി. വൈ. എം.

യുവജന ദിനത്തോടനുബന്ധിച്ച് 08/01/2023 ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കു ശേഷം യൂണിറ്റിൽ കെ.സി.വൈ.എം. പതാക ഉയർത്തി. കെ.സി.വൈ.എം. മുതലക്കോടം ഫെറോനയുടെ നേതൃത്വത്തിൽ നടത്തി വരുന്ന പൊതിച്ചോറ് വിതരണത്തിൽ നമ്മുടെ യുവജനങ്ങൾ പൊതിച്ചോറ് കൊണ്ടുവരുകയും ദിവ്യരക്ഷാലയത്തിൽ നല്കുകയും ചെയ്തു.

എട്ടു മാസത്തെ സേവനത്തിനു ശേഷം കദളിക്കാട് ഇടവകയിലേയ്ക്ക് പോകുന്ന ഫാ. പീറ്റർ പാറേമ്മാൻ യുവജനങ്ങൾ യാത്രയയപ്പും സമ്മാനവും നൽകി.

കുന്നം കപ്പേള പെരുന്നാളിനോട് അനുബന്ധിച്ച് നമ്മുടെ യുവജനങ്ങൾ പ്രദക്ഷിണത്തിൽ തിരികൾ വിതരണം നടത്തുകയും രൂപം പിടിക്കുകയും ചെയ്തു.

## പിതൃവേദി

12/01/2023 വ്യാഴാഴ്ച വൈകുന്നേരം 7 മണിക്കു കൂടിയ പിതാക്കന്മാരുടെ ഒരു സമ്മേളനത്തിൽ പിതൃവേദി സ്ഥാപിക്കുകയും ഭാരവാഹികളെ നിശ്ചയിക്കുകയും ചെയ്തു. ഇടവകയിൽ കുടുംബങ്ങൾക്ക് ദിശാബോധവും, മാറി വരുന്ന ജീവിതസാഹചര്യങ്ങളിൽ അവർക്ക് നിർദ്ദേശങ്ങൾ നല്കുകയുമാണ് സംഘടനയുടെ ലക്ഷ്യം. കുടുംബകൂട്ടായ്മകളെ ശക്തിപ്പെടുത്തുക, കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക, ഇടവകയിൽ നടന്നു വരുന്ന വെള്ളിയാഴ്ച വൈകുന്നേരത്തെ ആരാധനയിൽ പങ്കുകൊള്ളുകയും നേതൃത്വം നല്കുകയും ചെയ്യുക എന്നിവയും പിതൃവേദിയുടെ ഉദ്ദേശ്യങ്ങളാണ്. ഇത് സംബന്ധിച്ച് ക്ലാസുകൾ കൊടുക്കുക എന്നതും പ്രവർത്തനപരിധിയിൽ വരുന്ന കാര്യമാണ്.

**ഭാരവാഹികൾ**

| | | |
|---|---|---|
| ജോർജ്ജ് തോമസ് പുത്തൻപുരയിൽ | പ്രസിഡന്റ് | 8169276080 |
| ഷാജി കുന്നേൽ | വൈസ്പ്രസിഡന്റ് | 9113564904 |
| ബോബൻ കുര്യാക്കോസ് | സെക്രട്ടറി | 9947864930 |
| ജോയി മാത്യു മറ്റപ്പിള്ളിൽ | ജോയിന്റ് സെക്രട്ടറി | 9495130183 |
| ടോമി ജേക്കബ് പുത്തൻകണ്ടത്തിൽ | ട്രഷറർ | 9446538350 |

## വരും ദിനങ്ങൾ

| | | |
|---|---|---|
| 02 | വ്യാഴം | നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം<br>പരി.കന്യകാമറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ |
| 04 | വെള്ളി | ആദ്യവെള്ളി, ഗ്രീക്കു സഭാപിതാക്കന്മാർ,<br>വി. ജോൺ ബ്രിട്ടോ |
| 07 | ചൊവ്വ | മൂന്നു നോമ്പാരംഭം |
| 11 | ശനി | ലൂർദ്ദ് മാതാവ് (രോഗീദിനം) |
| 17 | വെള്ളി | സകല മരിച്ചവരുടേയും തിരുനാൾ |
| 20 | തിങ്കൾ | വിഭൂതി |
| 23 | വ്യാഴം | വി. പൊലിക്കാർപ്പ് |
| 25 | ശനി | വാഴ്ത്തപ്പെട്ട സി. റാണി മരിയ |



# കുടുംബ വാർത്തകൾ

## സഭാവാടിയിലെ നവകുസുമങ്ങൾ

| | |
|---|---|
| വീട്ടുപേര് | :പാറത്തലയ്ക്കൽ |
| മാമ്മോദീസാ പേര് | : തോമസ് |
| വിളിപ്പേര് | : ധ്യാൻ ബിബിൻ |
| പിതാവ് | : ബിബിൻ |
| മാതാവ് | : ബിജി |
| ജനനം | : 05/08/2022 |
| മാമ്മോദീസാ | : 27/12/2022 |

| | |
|---|---|
| വീട്ടുപേര് | :പാറത്തലയ്ക്കൽ |
| മാമ്മോദീസാ പേര് | : ജോർജ് |
| വിളിപ്പേര് | : ഡെറിക് ബിബിൻ |
| പിതാവ് | : ബിബിൻ |
| മാതാവ് | : ബിജി |
| ജനനം | : 05/08/2022 |
| മാമ്മോദീസാ | : 27/12/2022 |

| | |
|---|---|
| വീട്ടുപേര് | :മുണ്ടയ്ക്കൽ |
| മാമ്മോദീസാ പേര് | : ഫ്രാൻസിസ് |
| വിളിപ്പേര് | : കെനൻ |
| പിതാവ് | : ആൻസൺ |
| മാതാവ് | : ജോമീസ് |
| ജനനം | : 31/08/2022 |
| മാമ്മോദീസാ | : 28/12/2022 |

| | |
|---|---|
| വീട്ടുപേര് | :കുഴികണ്ടത്തിൽ |
| മാമ്മോദീസാ പേര് | : റാഹേൽ |
| വിളിപ്പേര് | : ഇവാഞ്ചൽ |
| പിതാവ് | : ഡിന്റോ |
| മാതാവ് | : സ്റ്റെഫി |
| ജനനം | : 16/11/2022 |
| മാമ്മോദീസാ | : 28/12/2022 |

| | |
|---|---|
| വീട്ടുപേര് | :ആനക്കല്ലുമലയിൽ |
| മാമ്മോദീസാ പേര് | : ജോസഫ് |
| വിളിപ്പേര് | : അഡ്രിയാൻ അയാൻ ഉണ്ണി |
| പിതാവ് | : ഉണ്ണികുട്ടൻ |
| മാതാവ് | : റോസ്മിൻ |
| ജനനം | : 22/09/2022 |
| മാമ്മോദീസാ | : 28/12/2022 |

| | |
|---|---|
| വീട്ടുപേര് | :മലേപ്പറമ്പിൽ |
| മാമ്മോദീസാ പേര് | : അന്ന |
| വിളിപ്പേര് | : ഇസ അന്ന |
| പിതാവ് | : മാത്യൂസ് |
| മാതാവ് | : കിരൺ |
| ജനനം | : 31/10/2022 |
| മാമ്മോദീസാ | : 26/12//2022 |

| | |
|---|---|
| വീട്ടുപേര് | :കേളകത്ത് |
| മാമ്മോദീസാ പേര് | : സെബാസ്റ്റ്യൻ |
| വിളിപ്പേര് | : ഹെൻട്രി സെബാസ്റ്റ്യൻ |
| പിതാവ് | : ബിജോ |
| മാതാവ് | : ആഷ്‌ലി |
| ജനനം | : 03/08/2022 |
| മാമ്മോദീസാ | : 31/12/2022 |

| | |
|---|---|
| വീട്ടുപേര് | :ഞാറക്കണ്ടത്തിൽ |
| മാമ്മോദീസാ പേര് | : എലിസബത്ത് |
| വിളിപ്പേര് | : നഥാലിയ റോസ് |
| പിതാവ് | : സോനു |
| മാതാവ് | : ഐശ്വര്യ |
| ജനനം | : 30/11/2022 |
| മാമ്മോദീസാ | : 09/01/2023 |

## നിത്യതയിലേക്ക് വിളിക്കപ്പെട്ടവർ

എൽസി വർഗീസ്
കുളങ്ങര
മാവിൻചുവട്
മരണം : 15/01/2023

അന്ന ഔസേപ്പ്
പുത്തൻപുരയിൽ
തൊണ്ടിക്കുഴ ഡി
മരണം : 19/01/2023



# നവ ദമ്പതികൾ

| നം. | പേര് | വീട്ടുപേര് | ഇടവക | വിവാഹം |
|---|---|---|---|---|
| 01 | അഖിൽ ജോസ്<br>നീനു | വെട്ടിക്കാട്ടുകുന്നേൽ<br>കല്ലുക്കുന്നേൽ | മുതലക്കോടം<br>അമലഗിരി | 20/11/2022 |
| 02 | ലിജിൻ ജോസഫ്<br>എഡിറ്റാ | തെക്കേക്കര<br>പവലാക്ക് | മുതലക്കോടം<br>ഒബ്രോൺകൗ | 26/12/2022 |
| 03 | പോൾസൺ<br>അമല | പുന്നയ്ക്കത്തടത്തിൽ<br>കലമറ്റത്തിൽ | കിഴക്കമ്പലം<br>മുതലക്കോടം | 28/12/2202 |
| 04 | നവീൻ<br>ക്രിസ്റ്റീന | വെള്ളാട്ടുപറമ്പിൽ<br>പരുന്താനിയിൽ | ജോസ്പുരം<br>മുതലക്കോടം | 29/12/2022 |
| 05 | ആഷിക്എസ് കോട്ടൂർ<br>മിന്റു എലിസബത്ത് | കോട്ടൂർ<br>സ്രാമ്പിക്കൽ | മുതലക്കോടം<br>കുടമാളൂർ | 31/12/2022 |
| 06 | ഹാരി എസ്. ചെമ്പരത്തി<br>ലിയാന മരിയ | ചെമ്പരത്തി<br>കുന്നപ്പിള്ളിൽ | മുതലക്കോടം<br>ന്യൂസിലാന്റ്<br>(കരിമണ്ണൂർ) | 02/01/2023 |
| 07 | മാത്യൂസ് ജോർജ്<br>റോസ്ന | മണിമല<br>ഇടവക്കണ്ടത്തിൽ | മുതലക്കോടം<br>ഉപ്പുതോട് | 04/01/2023 |
| 08 | റോഷിൻ ജോൺസൺ<br>ശില്പ | തുറയ്ക്കൽ<br>ചുണ്ടനാൽ | മുതലക്കോടം<br>കിടങ്ങൂർ | 07/01/2023 |
| 09 | ബോണി സണ്ണി<br>മരിയ | മാളിയേക്കൽ<br>കരോട്ടുപുള്ളോലിൽ | മുതലക്കോടം<br>വെള്ളികുളം | 08/01/2023 |
| 10 | ആസ്റ്റിൻ<br>മരിയ ഗബ്രിയേല<br>റോസ്ലിൻ | ചുണ്ടൻകുഴിയിൽ<br>ഗബ്രിയേല<br>New No.26 | മുതലക്കോടം<br>RA പുരം<br>ചെന്നൈ | 12/01/2023 |
| 11 | അഗസ്റ്റ്യൻ ഷാജി<br>ലിയ ആന്റണി | പീടികപമ്പിൽ<br>കൂരിക്കവീപ്പാട്ട് | മുതലക്കോടം<br>പഴങ്ങനാട് | 14/01/2023 |
| 12 | സോണി മാത്യു<br>ലെനിമോൾ | തുറയ്ക്കൽ<br>പുത്തൻപുരയിൽ<br>തേക്കുംകുഴിയിൽ | മുതലക്കോടം<br>പാളയം | 15/01/2023 |
| 13 | ജോബിൻ ജോസഫ്<br>ജിനു | പാറയ്ക്കൽ<br>കാട്ടുകണ്ടത്തിൽ | മുതലക്കോടം<br>വടകര | 16/01/2023 |
| 14 | അഗസ്റ്റ്യൻ<br>ആൻമരിയ | ആക്കപ്പടിക്കൽ<br>ആയത്തുപാടത്ത് | മുതലക്കോടം<br>നെയ്യശ്ശേരി | 23/01/2023 |

# ബൈബിൾ മിഴി തുറക്കുമ്പോൾ

ഫെബ്രുവരി 2022

## BIBLE QUIZ

**ചോദ്യങ്ങൾ മർക്കോസ് 1 മുതൽ 10 വരെ അദ്ധ്യായങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാകുന്നു.**

1. മർക്കോസിന്റെ സുവിശേഷം ആരംഭിക്കുന്നതെങ്ങനെ ?
2. യേശു കഫർണാമിൽ തിരച്ചെത്തിയപ്പോൾ എന്ത് വാർത്തയാണ് പ്രചരിച്ചത് ?
3. മരുഭൂമിയിൽ അവൻ ആരുടെ കൂടെയായിരുന്നു ?
4. ഒരു കാലത്തും പാപത്തിൽ നിന്നും മോചനമില്ലാത്തത് ആർക്ക് ?
5. എത്ര വർഷക്കാലമായി രക്തസ്രാവമുള്ള സ്ത്രീയായിരുന്നു അവിടെ ഉണ്ടായിരുന്നത് ?
6. അവൻ ശിഷ്യന്മാരെ വിളിച്ച് പറഞ്ഞു. എന്താണ് പറഞ്ഞത് ?
7. അവന് അവരോട് അനുകമ്പ തോന്നാൻ കാരണം എന്തായിരുന്നു?
8. രാത്രിയുടെ എത്രാം യാമത്തിലാണ് അവൻ കടലിനു മീതേ നടന്ന് അവരുടെ അടുത്ത് എത്തിയത് ?
9. യേശു ഉയർന്ന മലയിലേയ്ക്ക് പോയത് എപ്പോഴാണ്? ആരെയൊക്കെയാണ് കൂടെയുണ്ടായിരുന്നത് ?
10. അവൻ എന്തു ചെയ്യുന്നതിനുവേണ്ടിയാണ് അവർ ശിശുക്കളെ അവന്റെ അടുത്ത് കൊണ്ടു വന്നത് ?

**ജനുവരി മാസത്തെ വിജയി**
**എസ്തേർ പോൾ ഷാജി ചവിട്ടാനിയിൽ**

***പ്രോത്സാഹന സമ്മാനം***

ബീന ജെയ്സൺ കൂട്ടുങ്കൽ

റോസമ്മ പോൾ കൊച്ചുപറമ്പിൽ

ഏലമ്മ ബേബിച്ചൻ പാവൂരിക്കൽ

**ഫെബ്രുവരി മാസത്തിലെ ഉത്തരങ്ങൾ നല്കേണ്ട അവസാന തീയതി 20-02-2023**

## വിവാഹ ഒരുക്ക സെമിനാർ

മൂവാറ്റുപുഴ, നെസ്റ്റ്
ഫെബ്രുവരി 19 - 23
**ഫോൺ : 0485 2830035 (10.00-4.00)**
**മൊബൈൽ : 9495011191, 9539658158**
**Online on : www.familyapostalateklm.com**

ഉത്തരങ്ങൾ (കഴിഞ്ഞ ലക്കം)

1. അവനെ ആരാധിച്ചു (28:17)
2. അന്ധന്മാരും മുടന്തന്മാരും (21:14)
3. പ്രധാന പുരോഹിതന്മാരും ജനപ്രമാണികളും അവനെ സമീപിച്ചു (21:23)
4. ചുങ്കക്കാരും വേശ്യകളും (21:32)
5. ജനക്കൂട്ടം (22:33)
6. മനുഷ്യപുത്രൻ (26:45)
7. സ്തോത്രഗീതം ആലപിച്ചശേഷം (26:30)
8. കള്ളസാക്ഷ്യം (26:59)
9. വ്യാജപ്രവാചകന്മാർ (24:11)
10. അത്തിമരത്തിൽ നിന്ന് (24:32)

## വാർഡിനൊരു വീട് ഭവന പദ്ധതി

ജനുവരി മാസത്തെ സംഭാവന തന്ന വാർഡുകൾ

| വാർഡ് | തുക |
|---|---|
| തൊണ്ടിക്കുഴ എ | 4900 |
| മുതലക്കോടം ബി | 4600 |
| ആകെ | 9500 |

## വാർഡ് വാർഷികങ്ങൾ

| തീയതി | ദിവസം | വാർഡ് | ഭവനം |
|---|---|---|---|
| 04/02/23 | **ശനി** | കുന്നംകിഴക്ക് ബി | രാജു വി. കെ വടക്കേവീട്ടിൽ |
| | | ഏഴുമുട്ടം എ | പാലികുന്നേൽ ഷാജി |
| | | പെട്ടേനാട് ബി | വേങ്ങത്താനത്ത് തോമസ് |
| 05/02/23 | ഞായർ | കൊതകുത്തി | മോളത്ത് ബിനോഷ് മാത്യു |
| | | പഴുക്കാകുളം കിഴക്ക് സി | സിനു പയ്യംപിള്ളിൽ |
| | | തൊണ്ടിക്കുഴ സി | പി. പി. ജെയിംസ് പള്ളിക്കാമ്യാലിൽ |
| 11/02/23 | **ശനി** | മുതലക്കോടം സി1 | ആന്റണി ചന്ദ്രികമറ്റം |
| | | ഏഴുമുട്ടം ബി | ചെമ്പരത്തി കുഞ്ഞമ്മ ജോസ് |
| | | വടക്കുംമുറി | ജോർജ് മുഴിയിൽ |
| 12/02/23 | ഞായർ | ഉരുളക്കോട് | ബെന്നി കരിമ്പാനിയിൽ |
| | | ശാസ്താംപാറ | സി. ജെ. ജോസഫ് ചൂരക്കോട്ട് |
| | | ചിറകണ്ടം | ആന്റണി പോൾ രാജു പുതുക്കാട്ട് വെട്ടിവിളയിൽ |
| 18/02/23 | **ശനി** | തൊണ്ടിക്കുഴ ഡി | ടോം നെടുമല |
| | | ഏഴുമുട്ടം സി | ജോണി വടക്കേപറമ്പിൽ |
| | | പെട്ടേനാട് എ | താന്നിക്കൽ ജോർജ് |
| 19/02/23 | ഞായർ | മുതലക്കോടം സി2 | റ്റി.കെ. മാത്യു തുറയ്ക്കൽ |
| | | മുതലക്കോടം ഡി | ജോൺ കെ. വി. കുഴികണ്ടത്തിൽ |
| | | ഞരളക്കാട് | ജോസഫ് പാറേപുത്തൻപുര |





# തിരുവചന വായനകൾ

## ഫെബ്രുവരി 2023

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | **1**<br>റോമ<br>9:19 - 29<br>മത്താ.<br>6:1 - 18 | **2**<br>3 യോഹ.<br>1:1 - 8<br>ലൂക്കാ<br>15:1 - 10 | **3**<br>2 കോറി.<br>4:8 - 18<br>മത്താ.<br>23:34 - 39 | **4**<br>1 കോറി.<br>9:19 - 23<br>യോഹ.<br>15:18 - 25 |
| **5**<br>ഹെബ്രാ.<br>6:9 - 15<br>യോഹ.<br>3:14 - 21 | **6**<br>ഗലാ.<br>3:21 - 25<br>യോഹ.<br>5:41 - 47 | **7**<br>1യോഹ.<br>3:18 - 24<br>മർക്കോ.<br>3:7 - 12 | **8**<br>കൊളോ.<br>2:6 - 10<br>മത്താ.<br>12:15 - 21 | **9**<br>എഫേ.<br>6:10 - 17<br>മർക്കോ.<br>9:33 - 37 | **10**<br>2 കോറി.<br>10:3 - 8<br>മത്താ.<br>25:14 - 23 | **11**<br>1 കോറി.<br>3:10 - 17<br>യോഹ.<br>2:1 - 11 |
| **12**<br>ഹെബ്രാ.<br>8:1 - 6<br>യോഹ.<br>3:22 - 31 | **13**<br>1യോഹ.<br>5:6 - 12<br>മർക്കോ.<br>3:13 - 19 | **14**<br>1യോഹ.<br>1:5 - 10<br>യോഹ.<br>9:35 - 39 | **15**<br>റോമ.<br>14:1 - 6<br>യോഹ.<br>8:1 - 38 | **16**<br>കൊളോ.<br>1:21 - 23<br>ലൂക്കാ.<br>13:10 - 17 | **17**<br>1 കോറി.<br>15:39 - 49<br>മത്താ.<br>25:31 - 40 | **18**<br>1 കോറി.<br>15:50 - 57<br>മത്താ.<br>23:1 - 12 |
| **19**<br>എഫേ.<br>4:17 - 24<br>മത്താ.<br>4"1 - 11 | **20**<br>റോമ<br>1:16 - 25<br>മത്താ.<br>5:17 - 26 | **21**<br>റോമ.<br>2:1 - 6<br>മത്താ.<br>5:38 - 42 | **22**<br>റോമ.<br>2:12 - 24<br>മത്താ.<br>6:5 - 8 | **23**<br>2 കോറി.<br>6:3 - 10<br>ലൂക്കാ<br>11:43 - 52 | **24**<br>റോമ.<br>4:13 - 25<br>മത്താ.<br>7:1 - 6 | **25**<br>റോമ.<br>3:21 - 26<br>മത്താ.<br>6:9 - 15 |
| **26**<br>റോമ.<br>6:15 - 23<br>മത്താ.<br>7:21 - 27 | **27**<br>തീത്തോ.<br>3:1 - 7<br>മർക്കോ.<br>7:14 - 23 | **28**<br>റോമ.<br>8:18 - 25<br>മത്താ.<br>7:7 - 12 | | | | |





സ്തുത്യർഹമായ സേവനത്തിനു ശേഷം
നമ്മുടെ ഇടവകയിൽ നിന്നും
ഉപരി പഠനത്തിനും
കദളിക്കാട് പള്ളിയുടെ
അസി. വികാരിയുമായി
സ്ഥലം മാറിപ്പോകുന്ന
ബഹു. പീറ്റർ പാറേമ്മാനച്ചന്
ഇടവകക്കുടുംബത്തിന്റെ
യാത്രാമംഗളങ്ങൾ
മുതലക്കോടം ഇടവക കുടുംബത്തിന്
ആത്മീയ ശുശ്രൂഷ
നൽകുവാനായി എത്തുന്ന
പുതിയ കൊച്ചച്ചൻ
ബഹു. ആന്റണി
മരുത്വാമലയിൽ
അച്ചന്
ഇടവകക്കുടുംബത്തിന്റെ
ഹൃദ്യമായ സ്വാഗതം



amalamatrimony
amala_matrimony
ക്രിസ്ത്യൻ
വിവാഹങ്ങൾക്ക്
അമല മാട്രിമോണി
സിഎംഐ വൈദികരുടെ നേതൃത്വത്തിൽ
25 വർഷത്തെ സ്തുത്യർഹമായ സേവനം
REGISTER FREE
Google Play
App Store
www.amalamatrimony.com
+91 9446 428 567 | +91 9745 081 248
Fr. John Mannarathara CMI - Director | Salomy George Chalil - Executive Director
AMALA MATRIMONY
The Better Place To Find the Better Partner
A CHRISTIAN MATRIMONY RUN BY CMI FATHERS